بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 28.10.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 35

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ
نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ബദ്‌രി സ്വഹാബാക്കളെ കുറിച്ചുള്ള പരാമർശത്തിൽ ഹദ്റത് അബൂബക്കർ സിദ്ധീക്ക്(റ)ന്റെ മാഹാത്മ്യങ്ങളെ കുറിച്ചാണ് പരാമർശിച്ച് വന്നിരുന്നത്. അദ്ദേഹത്തിന് നബി തിരുമേനി(സ) എന്ത് സ്ഥാനമാണ് നൽകിയിരുന്നത് എന്നതിനെ കുറിച്ച് ചില നിവേദനങ്ങളുണ്ട്.

മക്കാ കാലഘട്ടത്തിൽ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ വീട്ടിൽ നബി തിരുമേനി(സ) ദിവസത്തിൽ ഒന്ന് രണ്ടു തവണയെങ്കിലും സന്ദർശിച്ചിരുന്നു എന്ന സൗഭാഗ്യം അബൂബക്കർ സിദ്ധീഖിന് ലഭിച്ചിട്ടുണ്ട്.

ഹദ്റത് അംറ് ബിൻ ആസ് പറയുന്നു: നബി തിരുമേനി(സ) അദ്ദേഹത്തെ ദാത്തുസ്സലാസിൽ യുദ്ധത്തിനായുള്ള സൈന്യത്തിന്റെ സൈന്യാധിപനായി നിയമിച്ച് അയച്ചിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ നബി തിരുമേനി(സ)യുടെ അടുക്കൽ വന്നു ഇപ്രകാരം ചോദിച്ചു: ജനങ്ങളിൽ വെച്ച് അങ്ങേക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തി ആരാണ്. നബി തിരുമേനി(സ) പറഞ്ഞു: ആയിശ. ഞാൻ ചോദിച്ചു പുരുഷൻമാരിൽ ആരാണ് ഏറ്റവും പ്രിയപ്പെട്ടത്. അദ്ദേഹം പറഞ്ഞു അവരുടെ പിതാവ്. ഞാൻ ചോദിച്ചു: അതിനുശേഷം ആരാണ്. അദ്ദേഹം പറഞ്ഞു: ഉമർ ഇബ്നു ഖത്താബ്. അദ്ദേഹം ഇതുപോലെ മറ്റു ചില പുരുഷൻമാരെയും പരാമർശിക്കുകയുണ്ടായി.

ഹദ്റത് സൽമ ബിൻ ഉക്കൂഅ് പറയുന്നു: നബി തിരുമേനി(സ) പറഞ്ഞു: ഒരു നബി ഇല്ലെങ്കിൽ ഹദ്റത് അബൂബക്കർ ജനങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനും ഉന്നതനായ വ്യക്തിയുമാണ്.

അബൂസഈദിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: ഉന്നത സ്ഥാനീയരായ ആളുകളെ അതിന് താഴെയുള്ള ആളുകൾ ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ കാണുന്നതുപോലെ കാണുന്നതാണ്. നിങ്ങൾ ആകാശത്തേക്ക് നോക്കുമ്പോൾ നക്ഷത്രങ്ങളെ കാണുന്നതുപോലെ. അബൂബക്കറും ഉമറും(റ) അതിൽപെട്ടവരാണ്. അതായത് ഉന്നത സ്ഥാനീയരാണ്. അവരെ ജനങ്ങൾ ഉന്നതിയിലുള്ള നക്ഷത്രങ്ങളെ കാണുന്നതുപോലെയാണ് കാണുക. നബി തിരുമേനി(സ) പറഞ്ഞു: അവർ എത്രമാത്രം മഹത്വമുള്ളവരാണ്.

ഹദ്റത് അബൂഹുറൈറ പറയുന്നു: നബി തിരുമേനി(സ) പറഞ്ഞു: ഞാൻ പ്രത്യുപകാരം ചെയ്യാത്ത ആരുടേയും ഒരു നൻമയും ഇല്ല; അബൂബക്കർ ഒഴികെ. അദ്ദേഹത്തിന്റെ നൻമ എന്റെ മേലുണ്ട്. അദ്ദേഹത്തിന് അതിന്റെ പ്രതിഫലം ഖിയാമത്തിന്റെ ദിവസം അല്ലാഹു നൽകുന്നതാണ്.

നബി തിരുമേനി(സ) തന്റെ അവസാന രോഗാവസ്ഥയിൽ ഇപ്രകാരം പറഞ്ഞു: ജനങ്ങളിൽ ആരും തന്നെ തങ്ങളുടെ ജീവൻകൊണ്ടും സമ്പത്തുകൊണ്ടും അബൂബക്കറിനെക്കാളും അധികം എന്നോട് നല്ല നിലയിൽ വർത്തിച്ചവരായിട്ടില്ല. ഞാൻ ജനങ്ങളിൽ ആരെയെങ്കിലും ഉറ്റ സുഹൃത്താക്കുമായിരുന്നുവെങ്കിൽ അബൂബക്കറിനെ തന്നെ ഖലീൽ ആക്കുമായിരുന്നു. എന്നാൽ ഇസ്ലാമുമായിട്ടുള്ള സൗഹൃദമാണ് ഏറ്റവും വലുത്. ഈ പള്ളിയിൽ എന്റെ ഭാഗത്തേക്കുള്ള എല്ലാ (വീടുകളുടെയും) ജനലുകൾ അടക്കുക; അബൂബക്കറിന്റേത് ഒഴികെ.

നബി(സ) പറഞ്ഞു: അബൂബക്കർ എന്നിൽനിന്നും ഞാൻ അദ്ദേഹത്തിൽനിന്നുമാകുന്നു. അബൂബക്കർ ഇഹലോകത്തും പരലോകത്തും എന്റെ സഹോദരനാകുന്നു. സുനൻ തിർമിദിയിൽ, ഹദ്റത് അനസ് നിവേദനം ചെയ്യുന്നു: നബി തിരുമേനി(സ) ഹദ്റത് അബൂബക്കറിനെയും ഹദ്റത് ഉമറിനെയും സംബന്ധിച്ച് പറഞ്ഞു: ഇവർ രണ്ടുപേരും സ്വർഗവാസികളുടെ നേതാക്കൻമാരാകുന്നു സ്വർഗവാസികളിൽ പ്രായാധിക്യം ഉള്ളവരുടെ ഭാഗത്തുനിന്നും അവസാനം വരുന്ന ആളുകളുടെ ഭാഗത്തുനിന്നും നബിമാരോ റസൂൽമാരോ ഉണ്ടായാൽ ഒഴികെ.

ഹദ്റത് അനസിൽ നിന്ന് നിവേദനം: നബി(സ) മുഹാജിറുകളും അൻസാറുകളുമായ തന്റെ സ്വഹാബാക്കളുടെ അടുക്കൽ വന്നു ഇരിക്കുമ്പോൾ, അവരിൽ ഹദ്റത് അബൂബക്കറും ഹദ്റത് ഉമറും ഉണ്ടായിരുക്കുമെങ്കിൽ, ഹദ്റത് അബൂബക്കറും ഹദ്റത് ഉമറുമല്ലാതെ മറ്റാരും തന്നെ നബി(സ)ന്റെ മുഖത്തേക്ക് തങ്ങളുടെ കണ്ണുകൾ ഉയർത്തുമായിരുന്നില്ല. ഇവർ രണ്ടുപേരും നബി(സ)യെയും, നബി(സ) അവരെയും നോക്കിയിരുന്നു. അവർ നബി(സ)യെ നോക്കി പുഞ്ചിരിക്കുകയും നബി(സ) അവരെ നോക്കി പുഞ്ചിരിക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത് ഇബ്നു ഉമറിൽനിന്ന് നിവേദനം: നബി(സ) ഒരു ദിവസം പുറത്തേയ്ക്ക് വന്നു മസ്ജിദിൽ പ്രവേശിച്ചു. ഹദ്റത് അബൂബക്കറും ഹദ്റത് ഉമറും നബിയുടെ ഇടതും വലതും ഉണ്ടായിരുന്നു. നബി അവരുടെ രണ്ടു പേരുടെയും കൈ പിടിച്ചു (പറഞ്ഞു:) ഇതുപോലെ നമ്മൾ ഖിയാമത്ത് നാളിൽ ഉയർത്തെഴുന്നേല്പിക്കപ്പെടുന്നതാണ്.

ഹദ്റത് അബ്ദുല്ലാഹ് ബിൻ ഖൻത്വബ് നിവേദനം ചെയ്യുന്നു: നബി (സ) ഹദ്റത് അബൂബക്കറിനെയും ഹദ്റത് ഉമറിനെയും കണ്ടപ്പോൾ പറഞ്ഞു: ഇവർ രണ്ടുപേരും കാതുകളും കണ്ണുകളും ആകുന്നു. അതായത് എന്റെ അടുത്ത സുഹൃത്തുക്കളാകുന്നു.

ഹദ്റത് അബൂ സഈദ് ഖുദ്രി നിവേദനം ചെയ്യുന്നു: തിരുനബി(സ) പറഞ്ഞു: എല്ലാ നബിമാർക്കും ആകാശവാസികൾക്കിടയിലും ഭൂനിവാസികൾക്കിടയിലും ഈരണ്ട് മന്ത്രിമാർ ഉണ്ട്. ആകാശവാസികളിൽ എന്റെ രണ്ടു മന്ത്രിമാർ ജിബ്രീലും മീക്കാഈലുമാകുന്നു. ഭൂനിവാസികളിൽ എന്റെ മന്ത്രിമാർ അബൂബക്കറും ഉമറുമാകുന്നു. തുടർന്ന് നബി(സ) അവർക്ക് സ്വർഗത്തെ കുറിച്ച് സുവാർത്ത നൽകി.

ഹദ്റത് അനസ്(റ) വിവരിക്കുന്നു: നബി(സ) ഉഹദ് മലയിൽ കയറിയപ്പോൾ നബി തിരുമേനിയോടൊപ്പം ഹദ്റത് അബൂബക്കറും ഹദ്റത് ഉമറും ഹദ്റത് ഉസ്മാനും(റ.ഹും) ഉണ്ടായിരുന്നു. ആ മല ഇളകാൻ തുടങ്ങി. നബി(സ) പറഞ്ഞു: ഉഹദേ ഇളകാതിരിക്കൂ. (ഞാൻ കരുതുന്നത് നബി(സ) അതിനുമേൽ തന്റെ കാല് അമർത്തി ചവിട്ടുകയും ചെയ്തിരുന്നു എന്നാണ്.) നിനക്കുമേൽ ഒരു നബിയും ഒരു സിദ്ധീക്കും രണ്ടു ശുഹദാക്കളുമാണ് ഉള്ളത്.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: റസൂൽ കരീം(സ) ഒരു സദസ്സിൽ സ്വർഗത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഹദ്റത് അബൂബക്കർ(റ) പറഞ്ഞു: യാ റസൂലല്ലാഹ് ഞാനും സ്വർഗത്തിൽ അങ്ങയോടൊപ്പം ഉണ്ടാകാൻ ദുആ ചെയ്താലും. നബി(സ) പറഞ്ഞു: നിങ്ങളെന്നോടൊപ്പം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും അതിനായി ദുആ ചെയ്യുകയും ചെയ്യുന്നു. മറ്റൊരു സ്വഹാബി പറഞ്ഞു: യാ റസൂലല്ലാഹ് അല്ലാഹു സ്വർഗത്തിൽ എന്നെയും അങ്ങയോടൊപ്പം ആക്കാൻ ദുആ ചെയ്താലും. നബി(സ) പറഞ്ഞു: അല്ലാഹു നിനക്കു മേലും കാരുണ്യം ചെയ്യട്ടെ. ആദ്യം പറഞ്ഞ സ്വഹാബി ദുആ നേടിയിരിക്കുന്നു.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഒരിക്കൽ നബി(സ) പറഞ്ഞു: ഇന്ന ഇബാദത്ത് കൂടുതലായി അനുഷ്ഠിക്കുന്ന ആൾ ഇന്ന കവാടത്തിലൂടെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. ഇന്ന ഇബാദത്ത് കൂടുതലായി അനുഷ്ഠിച്ച ആൾ ഇന്ന വാതിലിലൂടെ പ്രവേശിക്കും. ഇങ്ങനെ നബി(സ) വിവിധ ഇബാദത്തുകളുടെ പേരെടുത്തുകൊണ്ട് പറഞ്ഞു: സ്വർഗത്തിലെ ഏഴ് കവാടങ്ങളിലൂടെ വ്യത്യസ്ത സത്കർമ്മങ്ങൾ ധാരാളമായി ചെയ്ത ആളുകൾ പ്രവേശിക്കുന്നതാണ്. ഹദ്റത് അബൂബക്കർ(റ) പറഞ്ഞു: യാ റസൂലല്ലാഹ്. ആരെങ്കിലും ഈ എല്ലാ ഇബാദത്തുകളിലും ആധിക്യം ഉള്ളവരാണെങ്കിൽ അവരോട് എങ്ങനെയാണ് പെരുമാറുക. നബി(സ) പറഞ്ഞു: അവരെ സ്വർഗത്തിലെ ഏഴ് കവാടങ്ങളിലൂടെയും വിളിക്കപ്പെടുന്നതാണ്. അല്ലയോ അബൂബക്കർ താങ്കൾ അവരിൽ ആയിരിക്കും.

ഈ അനുസ്മരണം തുടരുന്നതാണ്. ഇനി ഞാൻ ചില മർഹൂമീങ്ങളെ കുറിച്ച് അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. പിന്നീട് ഞാൻ അവരുടെ ജനാസയും നമസ്കരിക്കുന്നുന്നതാണ്.

1. ഇന്തോനേഷ്യൻ അമീർ ജനാബ് അബ്ദുൽ ബാസിത് സാഹിബ്. ഒക്ടോബർ എട്ടാം തിയതി 71ാമത്തെ വയസ്സിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ ഇദ്ദേഹം മൗലവി അബ്ദുൽ വാഹിദ് സുമാട്രി സാഹിബിന്റെ മകനാകുന്നു. ജാമിഅ അഹ്മദിയ്യ റബ്വയിൽ നിന്ന് ശാഹിദ് പരീക്ഷ പാസ്സായി. (മുബല്ലിഗ് ആയി) തന്റെ സ്വദേശത്തേക്ക് തിരിച്ച് വന്നു. തായ്ലൻഡിൽ മുബല്ലിഗായി നിയമിച്ചു. പിന്നീട് വീണ്ടും ഇന്തോനേഷ്യയിൽ തന്നെ നിയമിതനായി. മരണം വരെയും ഇന്തോനേഷ്യയിൽ തന്നെ ആയിരുന്നു. ഒരു നീണ്ടകാലം അമീർ എന്ന നിലക്ക് സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഖിദ്മത്ത്കാലം നാല്പത് വർഷമാണ്. സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്നു ആൺമക്കളും രണ്ടു പെൺമക്കളും ഉണ്ട്.

മർഹൂം ജമാഅത്തിന്റെ കാര്യത്തിൽ വളരെ ആർദ്രമനസ്കൻ ആയിരുന്നു. എല്ലാ കാര്യത്തിലും എപ്പോഴും ജമാഅത്തിനെ മുന്തിച്ചിരുന്നു. മുബല്ലിഗീങ്ങളെ വളരെയേറെ ബഹുമാനിച്ചിരുന്നു. മാന്യനായ വിനയാന്വിതനായ വ്യക്തി ആയിരുന്നു. ഖിലാഫത്തിനോട് അളവറ്റ സ്നേഹമായിരുന്നു. ജമാഅത്തിന്റെ സമ്പത്തിനെ സൂക്ഷ്മദൃഷ്ടിയോടെ പൂർണമായി സംരക്ഷിക്കുമായിരുന്നു. ഇന്തോനേഷ്യയിലെ അഹ്മദികളുടെ ആത്മീയ പിതാവായിരുന്നു. സംസ്കരണം ലാക്കാക്കിയിട്ടാണ് അദ്ദേഹം ശിക്ഷ നൽകിയിരുന്നത്. ഒരു വർഷത്തോളം അസുഖബാധിതനായിരുന്നിട്ടും കഴിഞ്ഞ വർഷവും അദ്ദേഹം പതിവുപോലെ ജമാഅത്തിന്റെ സേവനത്തിൽ മുഴുകിയിരുന്നു.

ഇദ്ദേഹത്തിന്റെ ഒരുപാട് ജമാഅത്തീ സേവനങ്ങളെ വിശദമായി പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് ദുആ ചെയ്തു: അല്ലാഹു അദ്ദേഹത്തോട് കരുണയോടെ പെരുമാറുമാറാകട്ടെ. ഇദ്ദേഹത്തെപോലെയുള്ള വ്യക്തികളെയും മുബല്ലിഗീങ്ങളെയും അല്ലാഹു ജമാഅത്തിന് നൽകുമാറാകട്ടെ.

2. സൈനബ് സാഹിബ. ഇവർ തൻസാനിയയിലെ മുറബ്ബി സിൽസില യൂസഫ് ഉസ്മാൻ കംബാല സാഹിബിന്റെ ഭാര്യയാണ്. 70 വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

3. ഹലീമാ ബേഗം സാഹിബ. ഇവർ ഖാദിയാനിലെ ദർവേശായ ശെയ്ഖ് അബ്ദുൽ ഖദീർ സാഹിബിന്റെ ഭാര്യയാണ്. (കഴിഞ്ഞ മാസം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ) നമസ്കാരവും നോമ്പും കൃത്യമായി അനുഷ്ഠിച്ചിരുന്നു, വളരെ നന്ദിയുള്ള ക്ഷമാശീലമുള്ള നല്ല സ്വഭാവവും നല്ല സംസ്കാരവും ഉള്ള സ്ത്രീയായിരുന്നു. ആരോഗ്യം അനുവദിച്ചിരുന്ന കാലത്തോളം ഖാദിയാനിൽ കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. ഖിലാഫത്തിനോട് വളരെയധികം സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ ഭാഗത്തുനിന്നും വരുന്ന എല്ലാ ആഹ്വാനങ്ങൾക്കും ലബ്ബൈക്ക് പറഞ്ഞിരുന്നു. ദർവേശീ കാലഘട്ടത്തിൽ വളരെ ക്ഷമയോടും നന്ദിയോടുംകൂടി അവർ കഴിച്ചുകൂട്ടി. മർഹൂമ മൂസിയായിരുന്നു. അവരുടെ മകൻ ശേഖ് നാസിർ വഹീദ് സാഹിബ് ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ ആക്ടിംഗ് അഡ്മിനിസ്ട്രേറ്റർ ആയി സേവനമനുഷ്ടിക്കുന്നു. അവരുടെ മൂന്ന് പെൺകുട്ടികൾ വിദേശത്താണ്. അല്ലാഹുതആല മർഹൂമയിൽ കരുണ ചൊരിയുമാറാകട്ടെ, മഗ്ഫിറത്ത് നൽകുമാറാകട്ടെ.

3. മേലെ അനീസ എപ്പിസാ സാഹിബ. അവർ കഴിഞ്ഞ ദിവസം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ 73 വയസ്സായിരുന്നു. കേരീബാസ് ജമാഅത്തിലെ ആദ്യത്തെ മുസ്ലിമും ആദ്യത്തെ അഹ്മദിയുമായിരുന്നു. ഏതോ രീതിയിൽ വിശുദ്ധ ഖുർആന്റെ തർജ്ജമ (അവിടെ എത്തിയപ്പോൾ) അവർക്ക് കിട്ടുകയുണ്ടായി. അത് പഠിച്ചതിനുശേഷം വിശ്വാസിയായി. അതോടൊപ്പം തന്നെ പർദ ധരിക്കാനും തുടങ്ങി. (അവരുടെ തബ്ലീഗ് ഫലമായി ഒരുപാട് ആളുകൾ ജമാഅത്തിൽ ചേരുകയുണ്ടായി.) മർഹൂമ ധൈര്യശാലിയും പ്രഭാവവും വിശ്വാസദാർഢ്യവും ആദരയുക്തമായ ഭയവുമുള്ള അഹ്മദി ആയിരുന്നു. (മക്കൾക്ക് തങ്ങളുടെ മാതാവിനെ പോലെ ഇസ്ലാമിനും അഹ്മദിയത്തിനും സേവനം ചെയ്യുവാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ. അല്ലാഹു ഇങ്ങനെയുള്ള നിർഭയയും, മാതൃകായോഗ്യയും തബ്ലീഗിന് ആവേശവും വിശ്വാസസ്ഥൈര്യവുമുള്ള, സ്ത്രീകളെ ഇനിയും ജമാഅത്തിന് നൽകുമാറാകട്ടെ.) അവരോട് കരുണ ചൊരിയുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubaarack U.K. – on 28.10.2022
Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**